(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കടിശ്ശിക കുറയ്ക്കുന്നതിലൂടെ ബാങ്കുകളുടെ നഷ്ടം കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സഹകരണ സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കടിശ്ശിക രഹിത സഹകരണ സംഘങ്ങൾ/ബാങ്കുകളാക്കി മാറ്റുകയും, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സഹകരണ മേഖലയിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് 2015 നടപ്പിലാക്കിയിട്ടുള്ളത്.

(സി) ആശ്വാസ് 2015 പദ്ധതി പ്രകാരം 28-2-2015-ലെ സ്ഥിതി അനുസരിച്ച് 45293 എണ്ണം വായ്പകളിലായി 1145.536 ലക്ഷം രൂപ പലിശയിനത്തിലും 466.55 ലക്ഷം രൂപ പിഴപലിശയിനത്തിലും ഇളവ് നൽകിയിട്ടുണ്ട്. ഈ പദ്ധതി യിലൂടെ കടിശ്ശിക വായ്പകളിൽ 25126.71 ലക്ഷം രൂപ മുതലിനത്തിലും 7575.16 ലക്ഷം രൂപ പലിശയിനത്തിലും ഈടാക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ കോഴിക്കോട്, കൊല്ലം, തൃശ്ശൂർ കാസർഗോഡ് എന്നീ ജില്ലകളിലെ 4 സഹകരണ സംഘങ്ങൾ/ ബാങ്കുകൾ 8 വായ്പകളിലായി മുതൽ • രൂക മാത്രം ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, പ്രാഥമിക ഭവന സംഘങ്ങൾ, വായ്പാ വിതരണം നടത്തുന്ന മറ്റ് സഹകരണ സംഘങ്ങൾ തുടങ്ങി എല്ലാ തലത്തിലുമുള്ള സംഘങ്ങൾ/ബാങ്കുകൾ ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

സഹകരണമേഖലയിൽ പലിശരഹിത വായ്പാ പദ്ധതി

80 (426) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്ന ആനുകൂല്യങ്ങളുടെയും സഹായങ്ങളുടെയും വിശദാംശങ്ങൾ നൽകുമോ ; ഏതെല്ലാം തരത്തിലുള്ള സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ മേഖലയിൽ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളൂ. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷിക ആവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. മേൽ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് മാത്രമേ പലിശ സബ്സിഡി/ ഇളവിന് അർഹതയുള്ളൂ. ഇതിനുപുറമേ നെൽകൃഷിക്ക് വായ്പ എടുത്ത കർഷകർ യഥാസമയം തിരിച്ചടവ് നടത്തുന്നവർക്കും പലിശ സബ്സിഡി അനുവദിക്കാറുണ്ട്.

(ബി) ഹ്രസ്വകാല കാർഷിക വായ്പയുടെ മുതൽ തുക കാലാവധിക്കുള്ളിൽ കുടിശ്ശിക ഇല്ലാതെ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിൽ നിന്നും ലഭിക്കുന്ന പരമാവധി 3% പലിശ സബ്സിഡി കഴിച്ച് പരമാവധി 5% പലിശ സബ്സിഡി സംസ്ഥാന സർക്കാർ ഉത്തേജന പലിശ ഇളവ് പദ്ധതിയിൽപ്പെടുത്തി അനുവദിക്കുന്നുണ്ട്. നിലവിൽ ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 7% പലിശ ആയതിനാൽ 3% പലിശ സബ്വെൻഷൻ കഴിച്ച് ബാക്കി 4% പലിശയാണ് സബ്സിഡി ആയി അനുവദിക്കുന്നത്. നെൽകൃഷിക്ക് വായ്പ എടുത്ത കർഷകരിൽ യഥാസമയം തിരിച്ചടവ് നടത്തുന്നവർക്കും 7% പലിശ സബ്സിഡിയായി അനുവദിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നീ ബാങ്കുകളിലാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly